"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യനീതി വകുപ്പ് - NISH Interactive Disability Awareness Seminars (NIDAS) പദ്ധതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനം മുഖാന്തിരം ഈ സാമ്പത്തിക വർഷവും തുടരുന്നതിനായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സാമൂഹ്യ നീതി (എ) വകുപ്പ്

സ.ഉ.(സാധാ) നം.5/2024/SJD തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:-
1. 07/12/2023 ലെ സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ എസ്.ജെ.ഡി/1675/2023/ഡി2 നമ്പർ കത്ത്
2. 12/12/2023 നു കൂടിയ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

<u>ഉത്തരവ്</u>

ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതു ജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും. ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനവും അവബോധവും നൽകുന്ന പദ്ധതിയാണ് NISH Interactive Disability Awareness Seminars (NIDAS). പ്രസ്തുത പദ്ധതി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്) മുഖാന്തിരം ഈ സാമ്പത്തിക വർഷവും തുടരുന്നതിനായി മൊത്തം 26,65,690/- രൂപ ചെലവ് വരുമെന്നും, പ്രസ്തുത തുക 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ഈ വിഷയം പരാമർശം (2) പ്രകാരമുള്ള വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും ഭരണാനുമതി നൽകാവുന്നതാണെന്നു ശുപാർശ ചെയ്യുകയുമുണ്ടായി.

3. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയ്ക്കായി 14,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ NIDAS പദ്ധതിയും ഒരു കംപോണൻറ് ആയി ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിഷ് മുഖാന്തിരം NISH Interactive Disability Awareness Seminars (NIDAS) പദ്ധതി ഈ സാമ്പത്തിക വർഷവും തുടരുന്നതിനായി, സാമൂഹ്യനീതി വകുപ്പ ഡയറക്ടർ സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം, 26,65,690/- (ഇരുപത്തിയാറു ലക്ഷത്തി അറുപത്തയ്യായിരത്തി അറുനൂറ്റി തൊണ്ണൂറു രൂപ മാത്രം) 2023-2024

സാമ്പത്തിക വർഷത്തെ 2235-60-200-83-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Remya Kumari L
Date: 06-01-2024 15:02:42
സെക്ഷൻ ഓഫീസർ

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , നിഷ് , ആക്കുളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ )വകുപ്പ്
ഡയറക്ടർ , സംസ്ഥാന പ്ലാനിംഗ് ബോർഡ് , പട്ടം , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്